No.CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ

പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## KEAM-2018

# ആർക്കിടെക്ചർ/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അപേക്ഷകൾ ക്ഷണിച്ചു

2018-ലെ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികളിൽ നിന്നും ആർക്കിടെക്ചർ (ബി.ആർക്ക്), മെഡിക്കൽ & അനുബന്ധ കോഴ്സുകൾ (എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെ) എന്നിവയിലേയ്ക്ക് പ്രവേശനത്തിനായി പുതുതായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. KEAM-2018 മുഖേന എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുകയും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം ആർക്കിടെക്ചർ, മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നേരത്തേ സമർപ്പിച്ച അപേക്ഷയിൽ ഫാർമസി (ബി.ഫാം) കോഴ്സ് തിരഞ്ഞെടുക്കാൻ വിട്ടുപോയവരും എന്നാൽ 2018-ലെ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയുടെ പേപ്പർ-1 എഴുതിയവരുമായ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പക്ഷം ഫാർമസി കോഴ്സ് പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്.

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും **07.05.2018** മുതൽ **12.05.2018 വൈകുന്നേരം 5 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും.

**പുതിയ അപേക്ഷ സമർപ്പിക്കുന്നതിന്:** *(KEAM-2018 മുഖേന നേരത്തേ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് മാത്രം)*

ആർക്കിടെക്ചർ/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2018-New Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യേണ്ടതാണ്. അപ്പോൾ ഓൺലൈൻ അപേക്ഷ ഉൾക്കൊള്ളുന്ന വെബ് പേജിലേയ്ക്ക് നയിക്കപ്പെടും. KEAM-2018 പ്രോസ്പെക്ടസ് ക്ലോസ് 7.4-ൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം ഈ ഓൺലൈൻ അപേക്ഷയുടെ ഒരു പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് പ്രോസ്പെക്ടസ് ക്ലോസ് 7.6-ൽ പറഞ്ഞിട്ടുള്ള ആവശ്യമായ അനുബന്ധ രേഖകൾ സഹിതം **2018 മേയ് 16-ാം തീയതി വൈകുന്നേരം 5 മണി**യ്ക്കു മുൻപായി നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5-ാം നില, ശാന്തിനഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

**നേരത്തേ സമർപ്പിച്ചിട്ടുളള അപേക്ഷയിൽ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്:** *(KEAM-2018 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം അപേക്ഷകൾ സമർപ്പിച്ചിട്ടുളളവർക്ക് മാത്രം)*

ഇതിനായി മേൽ വെബ്സൈറ്റിലെ '**KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്സ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം 'Add Course' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഫാർമസി കോഴ്സ് (*എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ-1 എഴുതിയിട്ടുളള വിദ്യാർത്ഥികൾക്ക് മാത്രം*), മെഡിക്കൽ & അനുബന്ധ കോഴ്സുകൾ (*സി.ബി.എസ്.ഇ നടത്തിയ നീറ്റ്-യു.ജി-2018 പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് മാത്രം*), ആർക്കിടെക്ചർ കോഴ്സ് (*കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ NATA പരീക്ഷ എഴുതിയവർക്ക് മാത്രം*) എന്നിവ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവർക്ക് മാത്രമേ മെഡിക്കൽ & അനുബന്ധ കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിക്കുകയുളളൂ. നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുളള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ വീണ്ടും അപേക്ഷയുടെ പ്രിന്റൗട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കാൻ പാടില്ല.

**അപേക്ഷാ ഫീസ് ഒടുക്കുന്ന വിധം:** പുതുതായി സമർപ്പിക്കുന്ന അപേക്ഷകൾക്കുളള അപേക്ഷാ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ-ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഹെഡ്/സബ് പോസ്റ്റോഫീസുകളിലോ ഒടുക്കാവുന്നതാണ്. നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുളള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് ഇപ്പോൾ ഒടുക്കേണ്ടതില്ല. പകരം അധിക ഫീസ് ഒടുക്കുന്നതിനുളള മെമ്മോ ഈ ഓഫീസിൽ നിന്നും ഓൺലൈനായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഒടുക്കിയാൽ മതിയാകും.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1. ഇതിനോടകം KEAM-2018 മുഖേന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുളള വിദ്യാർത്ഥികൾ ഒരു കാരണവശാലും പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ പാടില്ല. ഇത്തരം അപേക്ഷകർക്ക് വെബ്സൈറ്റിലെ '**KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ ആവശ്യമുളള കോഴ്സുകൾ യോഗ്യതയ്ക്കനുസരിച്ച് നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്നതാണ്.
2. KEAM 2018 പ്രോസ്പെക്ടസിലെ ക്ലോസ് **5.2.15, 5.2.16, 5.2.17** എന്നിവയിലെ പ്രത്യേക സംവരണങ്ങൾക്ക് അർഹരായ വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടിന്റെ പകർപ്പും ആവശ്യമായ അനുബന്ധ രേഖകളും നിശ്ചിത സമയത്തിനകം ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്. [പ്രോസ്പെക്ടസ് കാണുക]

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുളള 2018-19 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊളളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം

06.05.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**